# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5910 — 28/03/2018-ൽ മറുപടിക്ക്

### ഡിപ്പാർട്ട്മെന്റ് ഫോർ ഡ്രഗ് അഡ്മിനിസ്ട്രേഷൻ രൂപീകരിക്കുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് നിലവിലുള്ള മെഡിക്കൽ ഷോപ്പുകൾക്ക് ആനുപാതികമായി ഡ്രഗ് ഇൻസ്പെക്ടർമാരുടെ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | ഇല്ല. സംസ്ഥാനത്ത് ആകെ 21,213 മരുന്നു-വ്യാപാരികളും, ഇവയുടെ പരിശോധനയ്ക്കായി 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുമാണുള്ളത്. കേന്ദ്രഗവണ്മെന്റിനു കീഴിലുള്ള മഷേൽക്കർ കമ്മിറ്റി, 200 സ്ഥാപനങ്ങൾക്ക് ഒരു ഡ്രഗ്സ് ഇൻസ്പെക്ടർ എന്ന അനുപാതമാണ് ശുപാർശ ചെയ്തിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഏറ്റവും കുറഞ്ഞത് 100 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികയെങ്കിലും ആവശ്യമായിട്ടുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) | ആയുഷ്, യുനാനി, സിദ്ധ, ഹോമിയോപ്പതി മരുന്നുകൾക്കായി ഡിപ്പാർട്ട്മെന്റ് ഫോർ ഡ്രഗ് അഡ്മിനിസ്ട്രേഷൻ രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്? | ബി) | ആയുർവേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി മരുന്നുകളുടെ നിർമ്മാണം ലൈസൻസുകൾ, അവയുടെ നിയന്ത്രണം എന്നിവ നിലവിൽ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലാണ്. |

സെക്ഷൻ ഓഫീസർ